# 2025 - 2026

# അക്കാദമിക മാസ്റ്റർപ്ലാൻ

ഓണവിള യു. പി. എസ്

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരുന്നത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളേയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്നുറപ്പാണ്.

# ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
* വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും,
* രാസലഹരി, മൊബൈൽ അഡിക്ഷൻ എന്നിവയ്ക്കെതിരെ മുൻകരുതൽ ഒരുക്കും.
* മാലിന്യ നിർമാർജനം ഒരു സംസ്കാരമായി വളർത്തിയെടുക്കും
* പോക്സോ സംബന്ധമായ ബോധവൽക്കരണം.
* ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് സംഘങ്ങൾ രൂപീകരിക്കൽ.

# വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസ ഉപജില്ലയിൽ ശാസ്താംകോട്ട ഉപജില്ലയിൽ പോരുവഴി ഗ്രാമപഞ്ചായത്തിൽ അമ്പലത്തുംഭാഗം എന്ന നയനമനോഹര ഗ്രാമത്തിലാണ് ദേവിഭാഗം യു. പി. എസ് സ്ഥിതി ചെയ്യുന്നത്.

1952-ൽ ബഹുമാന്യനായ ശ്രീ. അച്യുതൻ പിള്ള അവർകളാണ് സ്കൂൾ സ്ഥാപിച്ചത്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അരങ്ങുവാണിരുന്ന കാലഘട്ടത്തിൽ എല്ലാ വിഭാഗക്കാർക്കും തുല്യ പ്രാധാന്യത്തോടെ അക്ഷരജ്ഞാനം പകർന്നു കൊടുക്കുന്നതിന് വേണ്ടിയാണ് ഈ സ്കൂൾ സ്ഥാപിച്ചത്. നാനാജാതി മതത്തിലുള്ള എല്ലാ നാട്ടുകാരും അന്ന് ഇവിടെ നിന്ന് അറിവിന്റെ കൈത്തിരി പകർന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഓണവിള . യു. പി. എസ് അമ്പലത്തുംഭാഗം |
| മേൽവിലാസം | : | അമ്പലത്തുംഭാഗം<br>പോരുവഴി. P.O, 690520 |
| ഫോൺ | : | 9645656296 |
| സ്കൂൾ കോഡ് | : | 39544 |
| വിദ്യാഭ്യാസ ഉപജില്ല | : | ശാസ്താംകോട |
| വിദ്യാഭ്യാസ ജില്ല | : | കൊട്ടാരക്കര |
| റവന്യൂജില്ല | : | കൊല്ലം |
| ബി. ആർ. സി | : | ശാസ്താംകോട |
| ഗ്രാമപഞ്ചായത്ത് | : | പോരുവഴി |
| ബ്ലോക്ക് പഞ്ചായത്ത് | : | ശാസ്താംകോട |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | കുന്നത്തൂർ |
| ലോകസഭാ മണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | കുന്നത്തൂർ |
| വില്ലേജ് | : | പോരുവഴി |
| ഇ-മെയിൽ | : | onavilaups@gmail.com |

# കുട്ടികളുടെ എണ്ണം ക്ലാസ് അടിസ്ഥാനത്തിൽ

| Class | Sc | OBC | General | Total |
|---|---|---|---|---|
| V | 7 | 12 | 10 | 29 |
| VI | 4 | 14 | 1 | 19 |
| VII | 7 | 14 | 10 | 31 |

# അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | പേര് | വിഷയങ്ങൾ |
|---|---|---|---|
| 1 | H.M | സിന്ധു. R | ഗണിതം |
| 2. | UPST | ശ്രീധന്യ. ജി. നായർ | സയൻസ്, സോഷ്യൽ, ഗണിതം |
| 3. | UPST | പാർവതി. ആർ. കുറുപ്പ് | ഇംഗ്ലീഷ്, സോഷ്യൽ, ഗണിതം |
| 4. | LG Sanskrit | ആർ. രാധിക | സംസ്കൃതം, മലയാളം |
| 5. | LG. Hindi | വി. ആർ. ശ്രീദേവിഅമ്മ | ഹിന്ദി, മലയാളം |
| 6. | O.A | മഹേഷ്. എം | |

# ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
5. മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
4. സ്വതന്ത്ര ~~വായനയ്ക്ക്~~ എഴുത്തിന് സജ്ജരാക്കുക
5. ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

# അടിസ്ഥാന ശാസ്ത്രം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
4. ലാബ് സജ്ജമാക്കുക
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക

# സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കാൻ

# ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
4. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
4. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന പരിശീലന പരിപാടികൾ ഒരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക
4. സ്കൂളിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# ഐ സി ടി

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# സംസ്കൃതം

1. എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക
2. കരിക്കുലം ലക്ഷ്യം വെക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക
3. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

## മേഖല - യു . പി . ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | WORD WALL : ക്ലാസ് മുറിയിൽ ഒരു chart ചാർട്ടിൽ പ്രതിദിനം പുതിയ 5 പദങ്ങൾ അതിൽ എഴുതുന്നു. പദം, അതിന്റെ അർത്ഥം, ഉദാഹരണ വാക്യം ചേർക്കുന്നു | പ്രതിദിനം | ഇംഗ്ലീഷ് അധ്യാപിക |
| | SENTENCE STAIRS : Sentence structure മെച്ചപ്പെടുത്തുന്നു. ആദ്യം Subject + Verb അടങ്ങിയ വാക്യം എഴുതാൻ കൊടുക്കുന്നു. പിന്നെ Adjective, conjunction, adverb ചേർത്ത് അതേ വാക്യം step-by-step വികസിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക |
| | FUN TIME : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു | ആഴ്ചയിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക |
| 2) തെറ്റ് കൂടാതെയുള്ള വായന പരിശീലിപ്പിക്കുന്നു | READING TRAIN : ഓരോ കുട്ടിക്ക് ഒരു വാക്യം വീതം എഴുതിയ കാർഡുകൾ നൽകുന്നു. ആദ്യ കുട്ടി വായിക്കുന്നു | | |

| | | | |
|---|---|---|---|
| | കൂടെ അടുത്ത കുട്ടി തുടർന്നു വായിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| | SPOTLIGHT READER: ഓരോ ദിവസം ഒരു കുട്ടിയെ "Spotlight Reader" ആയി തിരഞ്ഞെടുക്കുന്നു. കുട്ടി കഥാപുസ്തകത്തിൽ നിന്നും ഒരു paragraph വായിക്കുന്നു. മറ്റുള്ളവർ കേൾക്കുന്നു - നല്ല ഉച്ചാരണം ആണെങ്കിൽ സ്റ്റാർ നൽകുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക |
| 3) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | LEND YOUR EAR: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | TREASURE HUNT: സ്കൂളിന്റെ ചുറ്റുവട്ടം, ഇംഗ്ലീഷ് വാക്കുകൾ തിരഞ്ഞെടുത്തു ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക |
| | VOCABULARY PARADE: ഓരോ കുട്ടിയും ഒരു പദം തിരഞ്ഞെടുക്കുന്നു. അതുമായി ബന്ധപ്പെട്ട കോസ്റ്റ്യൂം ധരിച്ച് വാക്ക് - അർത്ഥം എഴുതി, സ്റ്റേജിൽ പെർഫോം ചെയ്യുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക |

മേഖല : യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികളിലും ജനാധിപത്യമൂല്യം വളർത്തിയെടുക്കുന്നു. | · സ്കൂൾ ലീഡറിനെ തിരഞ്ഞെടുക്കൽ<br>· സ്കൂൾ പാർലമെന്റ് രൂപീകരണം | ജൂൺ - ജൂലൈ | സോഷ്യൽ സയൻസ് അധ്യാപിക |
| * എല്ലാ കുട്ടികൾക്കും ഭൂപടത്തിൽ സ്ഥാനങ്ങൾ തിട്ടപ്പെടുത്താൻ കഴിയുന്നു | ഭൂപടവായന | വർഷാവസാനം | സോഷ്യൽ സയൻസ് അധ്യാപിക |
| * സ്കൂളിലെ എല്ലാ കുട്ടികളും കേരളത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മനസിലാക്കുന്നു | ജില്ലകൾ<br>ഏറ്റവും വലിയ ജില്ല വിസ്തൃതി<br>നദികൾ<br>ആൽബം തയ്യാറാക്കൽ<br>പ്രാദേശിക ചരിത്ര രചന | ഒക്ടോബർ | സോഷ്യൽ സയൻസ് അധ്യാപിക |
| * ചരിത്രത്തിലേക്ക് ഒരു യാത്ര | പഠനയാത്ര<br>യാത്രാവിവരണം | ഡിസംബർ ജനുവരി | PTA |

മേഖല - യു. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **കണ്ടറിയാനൊരു യാത്ര -** ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| | **ജൈവവൈവിധ്യപാർക്ക് -** ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് | അക്കാദമിക വർഷം | ശാസ്ത്ര - അധ്യാപകർ. |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ അവതരിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ എഴുതി തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| | **എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക-വർഷം | ശാസ്ത്ര-അധ്യാപകർ |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര -**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക-വർഷം | ശാസ്ത്ര-അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് - 5, 6, 7

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | വിഭവങ്ങൾ |
| --- | --- | --- | --- | --- |
| ഹിന്ദി ഭാരതത്തിലെ ഔദ്യോഗിക ഭാഷയാണ് | ' ഭാഷ ആർജ്ജിക്കൽ<br>× അക്ഷരം എഴുതുക.<br>× ചിഹ്നം ചേർത്ത് എഴുതുക. | ജൂൺ<br>~~ജൂലൈ~~ | | P.T.A<br>അദ്ധ്യാപിക |
| എല്ലാ കുട്ടികളും ഹിന്ദി അക്ഷരങ്ങൾ എഴുതാനും പദങ്ങൾ ചേർത്ത് വായിക്കാനുമുള്ള കഴിവ് നേടുക. | × അക്ഷരം ചേർത്ത് വാക്കുകൾ എഴുതുക.<br>അക്ഷര കാർഡുകൾ നിർമ്മിക്കുക.<br>അക്ഷരമാല ചാർട്ടുകൾ എഴുതിക്കുക.<br>× പേര് ക്ലാസ് സ്കൂൾ ഹിന്ദിയിലെഴുതുക. | | അക്ഷരമാല ചാർട്ട്<br>I.C.T | |
| | 2 × ചിത്രനിരീക്ഷണം<br>ചിത്രങ്ങൾ നോക്കി പേരുകൾ പറയുന്നു.<br>× ചിത്രങ്ങൾ വരക്കൽ<br>× ചിത്രങ്ങൾ കളർ കൊടുക്കുക.<br>× ഞാൻ പഠിക്കുന്നു. | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ഹിന്ദി പുസ്തകം<br>ചാർട്ട് | |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ പല പ്രകാരമായി ഉപയോഗിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നു. | അക്ഷരം അറിയാത്തവരെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകുന്നു. ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂലൈ മുതൽ | | അദ്ധ്യാപിക. |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ. | | ഉപകരണങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc:- | |
| പദങ്ങളുടെ അർത്ഥങ്ങളും ആശയങ്ങളും ബോർഡിൽ എഴുതിക്കുന്നു. കഥകൾ, കവിതകൾ വായിപ്പിക്കുന്നു. ഗുണപാഠ കഥകൾ ICT ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. | × പതിപ്പുകൾ തയ്യാറാക്കൽ<br>× ദിനാചരണങ്ങൾ<br>× പോസ്റ്റർ തയ്യാറാക്കൽ<br>× ഹിന്ദി അസംബ്ലി<br>× കവിതാലാപനം<br>× പദകേളി<br>× പദസൂര്യൻ നിർമ്മിക്കൽ. | | | |

ഹിന്ദി

| | | | | |
|---|---|---|---|---|
| ...ന്ദിയിൽ എണ്ണൽ ...ശീലിപ്പിക്കുന്നു. | x ചിത്രങ്ങൾ കാണിച്ച് എണ്ണം തിട്ടപ്പെടുത്താൻ പ്രവർത്തനങ്ങൾ നൽകുന്നു. | ജി. | ഹിന്ദി പുസ്തകം | അധ്യാപിക |
| ...ന്ദിയിൽ ...ഷ്യ, വ്യഞ്ജനം ...ർഷം എന്നിവ എഴുതാൻ ശീലി...പ്പിക്കുന്നു. | x ഹിന്ദി തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്തംബർ മുതൽ മാർച്ച് വരെ | അക്ഷരമാല ചാർട്ട് | ചാർട്ട് |
| ...6. കവിത ...ന്നിവയുടെ ...നടത്തുന്നു. ക്ലാസ്സിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | x 10 ഭാഗങ്ങളിലെ കഥകൾ നാടകങ്ങൾ കവിതകൾ എന്നിവയുടെ ചിത്രീകരണം, I.C.T ഉപയോഗിച്ച് പരിശീലിപ്പിക്കുന്നു. x ഒഴിവുസമയങ്ങളിൽ പരിമിതി ഉള്ളവർക്ക് പരിശീലനം നൽകുന്നു. | | ICT | |

അക്കാദമിക മാസ്റ്റർ പ്ലാൻ സംസ്കൃതം.

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ വിദ്യാർത്ഥികൾക്ക് അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷ ജ്ഞാനം.<br>★ അക്ഷരം എഴുതൽ<br>★ ചിഹ്നം ഉറപ്പിക്കൽ<br>★ അക്ഷര കാർഡ്<br>★ വാക്കുകൾ എഴുതിയ കാർഡ്.<br>★ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>★ അക്ഷരമാല കളികൾ.<br>★ അക്ഷരമാല നിർമ്മിക്കൽ.<br>★ കാർഡുകൾ പ്രദർശനം.<br>★ പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ആഗസ്റ്റ് | അക്ഷരമാല പാഠപുസ്തകം<br>ICT | PTA<br>നിരീക്ഷ<br>അധ്യാപിക |
| | 2. പറയാം പഠിക്കാം<br>★ ചിത്രങ്ങളുടെ പേര് പറയൽ.<br>★ ചിത്രകഥകൾ.<br>★ ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ. | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | നിരീക്ഷ<br>അധ്യാപിക |

| | | | | |
|---|---|---|---|---|
| 2. വീട് ഒരു പരീക്ഷണശാല. (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. * ~~വീട്ടിൽ ഉള്ള~~ * ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു | |
| 3. വായനാ ലോകം. കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. | * തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. * ഓരോ സംസ്കൃതം പിരിയഡിലും അദ്ധ്യാപിക അഞ്ച് മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക. * വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക. * കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | [illegible] അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ★ ക്ലബ്ബ് രൂപീകരണം. ★ പഠനോപകരണ നിർമ്മാണം. ★ കലണ്ടർ നിർമ്മാണം ★ ഗൃഹ സന്ദർശനം. ★ പഠനയാത്ര. | ജൂൺ - മാർച്ച് | ചാർട്ട് - ചിത്രം | റിപ്പോർട്ട് തയ്യാറാക്കി |
| 5. ഉത്സവ പരിപാടികൾക്ക് തയ്യാറാക്കൽ | ★ വിശേഷാവസരങ്ങളിൽ ഉത്സവങ്ങൾ നടത്തുന്നു ★ ഉത്തര ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്വിസ് - ൽ | റിപ്പോർട്ട് തയ്യാറാക്കി. |
| 6. ആസ്വാദന ലോകം. ഭാരതീയ കുട്ടികളുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം നിർമ്മാണം ചെയ്യാനും വേണ്ടി. | ★ നാടകം, കഥകൾ തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു. ★ പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ. ★ മാസത്തിൽ ഒരു തവണ ആസ്വാദന സദസ്സ് ചേരുന്നു. | 5 മാസം | സംസ്കൃത ക്ലാസ്റൂം. | റിപ്പോർട്ട് തയ്യാറാക്കി. |

| | | | |
|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | * ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസ്സുകൾ നടത്തുന്നു.<br>* ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | അദ്ധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകമാക്കുന്നതിന്. | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു.<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ — മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണം ചുമതല |
|---|---|---|---|
| മലയാള ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വർധിപ്പിക്കുന്നു. | കഥകൾ, കവിതകൾ, രചനകൾ മറ്റു കൃതികൾ വായിക്കാൻ പരിശീലിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ലൈബ്രറി പുസ്തകങ്ങൾ, അധ്യാപകർ. പോസ്റ്റർ ചാർട്ട് അധ്യാപകർ |
| ദിനാചരണങ്ങൾ<br>* പരിസ്ഥിതി ദിനം<br>* വായന ദിനം<br>* ബഷീർ ചരമദിനം<br>* ബാലവേല വിരുദ്ധ ദിനം etc.. | * കവി സന്ദർശനം<br>* പതിപ്പ് തയ്യാറാക്കൽ.<br>* പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം.<br>* ക്വിസ് മത്സരങ്ങൾ<br>* വായന മത്സരങ്ങൾ.<br>* വായനശാല സന്ദർശനം<br>* പുസ്തക പരിചയം. | ജൂൺ-മാർച്ച് | |
| * ക്ലബ്ബ് പ്രവർത്തനം<br>വായന ക്ലബ്ബ്<br>* ശാസ്ത്ര ക്ലബ്ബ്<br>* വിദ്യാരംഗം<br>* കലാസാഹിത്യ വേദി. | കവിത, കഥ, രചന മത്സരങ്ങൾ മറ്റ് സാഹിത്യ സൃഷ്ടികൾ എന്നിവയിൽ മത്സരിക്കാൻ പരിശീലിപ്പിക്കുന്നു. | | സംഗീത audio video അധ്യാപകർ. |

| | | | |
|---|---|---|---|
| കലോത്സവങ്ങളിൽ ഉത്സവത്തിന് പരിശീലിപ്പിക്കുന്നു. | സ്കൂൾ തല ഉത്സവ മത്സരങ്ങളിൽ പങ്കെടു- പ്പിക്കുന്നു. | | |
| [illegible] സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | കഥ, കവിത, നോവലുകൾ, ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ. | ജൂൺ – ഡിസം | കുട്ടികളുടെ സാഹിത്യ താൽപര്യം ചിന്താ ശേഷിയും പ്രകടിപ്പി- ക്കുന്നു. റിപ്പോർട്ട്. |